


ഫാം ഇൻഫർമേഷൻ ബ്യൂറോ

ആ ആടുകളേയും ചെമ്മരിയാടുകളേയും ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് ആടുവസന്ത അഥവാ പി.പി.ആർ. ഒരാട്ടിൻപറ്റത്തിലെ 100% ആടുകളേയും കീഴ്പ്പെടുത്തുന്ന ഈ വൈറസ് 20-90% മരണകാരണമാകാറുണ്ട്. പാരാമിക്സോ കുടുംബത്തിൽപെട്ട മോർബില്ലി വൈറസ് ആണ് രോഗമുണ്ടാക്കുന്നത്. ഈ രോഗത്തിന് കുളമ്പുരോഗത്തോടും ശ്വാസകോശ സംബന്ധമായ മറ്റു രോഗങ്ങളോടും സാമ്യമുണ്ട്. സാധാരണ 4 മാസം മുതൽ 2 വയസ് വരെ പ്രായമുള്ള ആടു കളിലാണ് രോഗബാധ കണ്ടു വരുന്നത്.



# രോഗലക്ഷണങ്ങൾ

രോഗാണുക്കൾ ശരീരത്തിനുള്ളിൽ പ്രവേശിച്ച് 2 മുതൽ 6 ദിവസത്തിനുള്ളിൽ രോഗ ലക്ഷണങ്ങൾ പ്രകടമാകും.കടുത്ത പനി, ക്ഷീണം, ചെങ്കണ്ണ്, മൂക്കിൽ നിന്നും വായിൽ നിന്നും സ്രവം, ചുണ്ടിലും വായ്ക്കുള്ളിലും നാവിൻ മേലും ഉണ്ടാകുന്ന വ്രണങ്ങൾ, ശ്വാസതടസം, ചുമ, ന്യൂമോണിയ എന്നീ ലക്ഷണങ്ങളിൽ തുടങ്ങി തീവ്രമായ വയറിളക്കത്തിലും മരണത്തിലും കലാശിക്കുന്നു. രോഗംബാധിച്ച ആടുകളുടെ കാഷ്ഠത്തിലൂടെയും സ്രവങ്ങളിലൂടെയുമാണ് രോഗപകർച്ച.



ഫാം ഇൻഫർമേഷൻ ബ്യൂറോ

# രോഗനിർണ്ണയം

രോഗലക്ഷണങ്ങൾ ലാബോറട്ടറി ടെസ്റ്റുകൾ, പോസ്റ്റ്മോർട്ടം പരിശോധന എന്നിവയിലൂടെ രോഗം നിർണ്ണയിക്കാം.



# രോഗ പ്രതിരോധവും നിയന്ത്രണവും

പുതുതായി കൊണ്ടുവരുന്ന ആടുകൾ രോഗവാഹകർ അല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇവയെ 2 ആഴ്ച മാറ്റി പാർപ്പിച്ച് നിരീക്ഷിച്ചതിനുശേഷം മാത്രമേ മറ്റാടുകളുമായി കൂടി ചേരുവാൻ അനുവദിക്കാവൂ. ഇപ്രകാരം പുതുതായി എത്തുന്ന മുട്ടനാടുകളെ നിരീക്ഷണ കാലയളവിൽ പ്രജനനത്തിനായി ഉപയോഗിക്കരുത്.



രോഗ പ്രതിരോധമാർഗ്ഗങ്ങളിൽ പ്രധാനം പ്രതിരോധ കുത്തിവെപ്പാണ്.മൃഗസംരക്ഷണ വകുപ്പിന്റെ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് എന്ന സ്ഥാപനം നൂതനരീതിയിൽ ഉല്പാദിപ്പിക്കുന്ന സെൽകൾച്ചർ വാക്സിൻ ഇതിനായി ഉപയോഗിക്കുന്ന 4 മാസം മുതൽ പ്രായമുള്ള ആടുകൾക്ക് ഈ പ്രതിരോധ കുത്തിവെപ്പ് നൽകാവുന്നതാണ്. യാതൊരു വിധ പാർശ്വഫലങ്ങളും ഇല്ലാത്ത ഈ വാക്സിൻ ഗർഭാവസ്ഥയിൽ  പോലും നൽകാവുന്നതാണ്.ഒരു പ്രാവശ്യം കുത്തിവെച്ചാൽ ഏതാണ്ട് 4 വർഷക്കാലം പ്രതിരോധശേഷി നൽകാൻ ഈ വാക്സിസിന് കഴിയും എന്നുള്ളത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഒരു കുപ്പി വാക്സിൻ 50 ആടുകൾക്ക് നൽകുവാൻ കഴിയും. ഇത് 50 മില്ലി സലൈൻ ലായനിയിൽ നേർപ്പിച്ച് ഒരാടിന് 1 മില്ലി എന്ന അളവിൽ കഴുത്ത് ഭാഗത്തെ തൊലിയ്ക്കടിയിൽ കുത്തിവെയ്ക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ




ഫാം ഇൻഫർമേഷൻ ബ്യൂറോ